# POTHENPURAM, PAMPADY
# ST. IGNATIUS ELIAS-III CHURCH



മലങ്കരസഭയെ വിഭാഗീയതയിലേക്ക് നയിച്ച കക്ഷി വഴക്ക് 1912–ൽ ഉണ്ടായപ്പോൾ പാമ്പാടി മാർ യൂഹാനോൻ വലിയപള്ളിയിൽ സമാധാനപരമായ അന്തരീക്ഷം നഷ്ടപ്പെട്ടു. അന്ത്യോഖ്യാ വിശ്വാസം സംരക്ഷിക്കുന്നതിനായി കടവുംഭാഗത്ത് അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പയുടെ നേതൃത്വത്തിൽ 1914–ൽ പാമ്പാടി ഈസ്റ്റ് മർത്തമറിയം ചെറിയ പള്ളിയും, 1952 ൽ പാമ്പാടി സിംഹാസനപള്ളിയും സ്ഥാപിച്ചു. 1964 –ലെ സഭയുടെ യോജിപ്പിനുശേഷം യാക്കോബായക്കാർക്ക് പാമ്പാടി വലിയ പള്ളിയിൽ നമ്മുടെ ആരാധന നടത്തുന്നതിനുള്ള അവകാശവും നഷ്ടമായി. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കൂറും, വിശ്വാസവും, വിധേയത്വവും കാത്തുസൂക്ഷിക്കുന്നതിന് ആത്മീയ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വിഘാതം നേരിട്ടപ്പോൾ കടവുംഭാഗം കുടുംബത്തിലെ ശ്രീ. കെ.പി. മത്യാസ്, ശ്രീ. വി.എ. ഫിലിപ്പ്, ശ്രീ. ഒ.റ്റി. അലക്സാണ്ടർ എന്നിവരുടെ നേതൃത്വത്തിൽ ഒരു ദേവാലയം സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുകയും ഈ വിവരം ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായെ അറിയിക്കുകയും ചെയ്തു.

പള്ളി പണിയുന്നതിന് പല സ്ഥലങ്ങളെപ്പറ്റി നിർദ്ദേശങ്ങൾ വന്നുവെങ്കിലും പാമ്പാടിയിൽ നിന്ന് പൊത്തൻപുറത്തിനു പോകുന്ന റോഡരികിലെ സ്ഥലം ബാവാ തിരുമേനിക്ക് പരിചിതമായിരുന്നു. ബാവാ തിരുമനസ്സ് ദൈവസംസർഗത്തിൽ പ്രാർത്ഥനാനിരതമായി കുറച്ച് സമയമിരുന്നതിനുശേഷം ''നിങ്ങൾ എഴുന്നേൽക്കുക, പൊയ്ക്കൊള്ളുക, ആ സ്ഥലം നിങ്ങൾക്ക് കിട്ടും, എന്ന് ആ സ്ഥലം കിട്ടുന്നുവോ, അതിനുശേഷം മാത്രം പള്ളി പണിയിച്ചാൽ മതി'' എന്ന് കൽപ്പിച്ചു. ആ സ്ഥലത്തിന്റെ ഉടമസ്ഥൻ അധികം താമസിയാതെ പൊൻകുന്നം സബ്ബ് രജിസ്ട്രാർ ആഫീസിലെ 36/79 തീറാധാരപ്രകാരം സ്ഥലം തന്നു.

അവിടെ ഒരു താൽക്കാലിക ദേവാലയം നിർമ്മിച്ചു. 1977 ആഗസ്റ്റ് 27, 28 തീയതികളിൽ ശ്രേഷ്ഠ ബാവാ തിരുമനസ്സുകൊണ്ട് അതിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ചു. മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ ബാവായുടെ നാമത്തിൽ മലങ്കരയിൽ ആദ്യമായി ഈ ദേവാലയം സ്ഥാപിച്ചു. ''മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ യാക്കോബായ സുറിയാനിപള്ളി'' എന്ന് നാമകരണവും ചെയ്തു.

1987–ൽ ഇന്നുള്ള സ്ഥിരമായ ദേവാലയം പണിതു. ഈ ദേവാലയത്തിന്റെ കൂദാശാ കർമ്മവും ബാവാ തിരുമനസ്സുകൊണ്ട് കോട്ടയം ഇടവകയുടെ നി.വ.ദി.ശ്രീ. ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ സഹകരണത്തിൽ നിർവഹിച്ചു. പ്രധാന ബലിപീഠം പരിശുദ്ധ ഇഗ്നാത്തിയോസ് ബാവായുടെയും, വടക്കുവശത്തെ ബലിപീഠം ദൈവമാതാവിന്റെയും, തെക്കുവശത്തെ ബലിപീഠം മാർ യൂഹാനോൻ മാംദോനോയുടെയും നാമത്തിൽ കൂദാശ ചെയ്യപ്പെട്ടു. പരിശുദ്ധ പാത്രിയർക്കീസ് ബാവാ ആശീർവദിച്ച് അനുഗ്രഹിച്ചു തന്ന ശില പ്രധാന ബലിപീഠത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

പള്ളി പുരയിടത്തിൽ ശവസംസ്കാരം നടത്തുന്നതിന് കേസും സ്റ്റേയും നിലനിന്ന സന്ദർഭത്തിൽ താൽക്കാലിക ദേവാലയത്തിനകത്ത് കോൺക്രീറ്റ് പെട്ടിയിൽ ജഡം സംസ്കരിക്കേണ്ടതായി വന്നിട്ടുണ്ട്. പിന്നീട് സെമിത്തേരിക്ക് ആവശ്യമായ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് കോട്ടയം കളക്ടർ 23–05–79–ൽ സെമിത്തേരിക്ക് അനുവാദം തന്നു.

1995 ഒക്ടോബർ 22–ാം തീയതി കോട്ടയം ഇടവകയുടെ ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവയുടെ തിരുശേഷിപ്പ് ഈ പരിശുദ്ധ ദേവാലയത്തിൽ സ്ഥാപിച്ചു. അന്നുമുതൽ ഇന്നുവരെയും ''തിരുശേഷിപ്പ് പെരുനാൾ'' എല്ലാ വർഷവും നാനാജാതി മതസ്ഥരായ ആളുകൾ ഓഹരിയെടുത്ത് ആചരിച്ചുവരുന്നു. ഉദ്ദിഷ്ടകാര്യലബ്ധിയുടെ സാക്ഷാൽക്കാരത്തിന് തിരുശേഷിപ്പ് പെരുനാൾ ഏറ്റെടുത്തു നടത്തിയവർ വളരെ അനുഭവസാക്ഷ്യങ്ങൾ ഈ പള്ളിയിൽ നൽകിയിട്ടുണ്ട്.

2001–ൽ പള്ളിയോട് ചേർന്ന് പള്ളി ഓഫീസും, സൺഡേ സ്കൂൾ കുട്ടികളെ പഠിപ്പിക്കുന്നതിന് ആവശ്യമായ മുറികളും പണിതു. 2003 –ൽ പള്ളിയുടെ മദ്ബഹാ പൊളിച്ച് പുതുക്കി പണിതു. 2005–ൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ റോഡരികിൽ കൽക്കുരിശ് സ്ഥാപിച്ചു. ആ കാലഘട്ടത്തിലാണ് ദേവാലയ പരിസരവും മറ്റും ഇന്നത്തെ രീതിയിൽ മനോഹരമാക്കുവാൻ സാധിച്ചത്.

മലങ്കര യാക്കോബായ സുറിയാനി സഭയ്ക്ക് ഏറെ സംഭാവനകൾ നൽകിയിട്ടുള്ള കടവുംഭാഗത്ത് തൊമ്മൻ കത്തനാരും (1861–1894), മികച്ച സുവിശേഷ പ്രസംഗകനായ തോമസ് കശ്ശീശയും (1916–1957), സുറിയാനി ഭാഷയിൽ അഗാധമായ പാണ്ഡിത്യവും താഴ്മയും, അനുഗൃഹീതമായ ശബ്ദമാധുര്യവുംമൂലം പരിശോഭിതനായ വന്ദ്യ ദിവ്യശ്രീ. അലക്സന്ത്രയോസ് കോറെപ്പിസ്കോപ്പയും (1891–1970) ഈ പള്ളിയുടെ എക്കാലത്തെയും പ്രചോദനമാണ്. സഭയ്ക്ക് അഭിമാനമായ കോട്ടയം ഭദ്രാസനത്തിലെ റവ. ഫാ. കുര്യാക്കോസ് കടവുംഭാഗം ഈ ഇടവകാംഗമാണ്.

ഇപ്പോൾ ഈ ദേവാലയത്തിൽ ഫാ. തോമസ് കുളത്തുങ്കൽ വികാരിയായും ഫാ. കുര്യാക്കോസ് കാലായിൽ സഹവികാരിയായും സേവനമനുഷ്ഠിക്കുന്നു.

ഇപ്പോൾ 18 വീട്ടുകാർ ഇടവകാംഗങ്ങളായിട്ടുണ്ട്. ഈ പള്ളിയുടെ സ്ഥാവര ജംഗമ സ്വത്തുക്കൾ സെന്റ്. ഇഗ്നാത്തിയോസ് ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിൽ ആകുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.

*Source: Kottayam Diocese Souvenir, 2007*

syriacchurch.org